(Pages : 6) + Outline Map of India **ME 938**

Sl. No.

# SSLC MODEL EXAMINATION, MARCH - 2021

## SOCIAL SCIENCE

(Malayalam)

Time : 2½ Hours Total Score : 80

**നിർദ്ദേശങ്ങൾ :**

- 20 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- 1 മുതൽ 42 വരെയുള്ള ചോദ്യങ്ങൾക്ക് പരമാവധി ലഭിക്കുക 80 സ്കോർ ആയിരിക്കും.

**Score**

**(a) മുതൽ (l) വരെയുള്ള ചോദ്യങ്ങൾക്ക് 1 സ്കോർ വീതം.** **12x1=12**

1. (a) നിസ്സഹകരണ പ്രസ്ഥാനം നിർത്തിവയ്ക്കാൻ മഹാത്മാ ഗാന്ധിയെ പ്രേരിപ്പിച്ച സംഭവം ഏത് ?

   (i) ചൗരിചൗരാ സംഭവം

   (ii) ജാലിയൻ വാലാബാഗ് കൂട്ടക്കൊല

   (iii) നിയമലംഘന സമരം

   (iv) ക്വിറ്റ് ഇന്ത്യാ സമരം

   (b) ജൂൺ 21 മുതൽ സെപ്തംബർ 23 വരെയുള്ള കാലയളവിൽ ഉത്തരാർദ്ധ ഗോളത്തിൽ അനുഭവപ്പെടുന്ന പ്രധാന ഋതുവിന്റെ പേരെഴുതുക.

   (i) വസന്തം (ii) ഗ്രീഷ്മം

   (iii) ഹേമന്തം (iv) ശൈത്യം

   (c) ഉൽപ്പാദന രംഗത്ത് ഉപയോഗപ്പെടുത്താൻ കഴിയുന്ന അധ്വാനശേഷിയുള്ള ജനങ്ങൾ അറിയപ്പെടുന്നത് :

   (i) ജനസംഖ്യ (ii) സാക്ഷരതാ നിരക്ക്

   (iii) മാനവ വിഭവം (iv) ജന സാന്ദ്രത

P.T.O.

(d) $82\frac{1}{2}^{\circ}$ പൂർവ രേഖാംശരേഖയിലെ പ്രാദേശിക സമയം അറിയപ്പെടുന്നത് :

(i) അന്താരാഷ്ട്ര ദിനാങ്ക രേഖ (ii) ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം

(iii) ഗ്രീനിച്ച് സമയം (iv) ഗ്രീനിച്ച് രേഖ

(e) ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ് ഉൾപ്പെട്ടിട്ടുള്ള ഇന്ത്യൻ സിവിൽ സർവീസ് വിഭാഗത്തിന്റെ പേരെഴുതുക.

(i) അഖിലേന്ത്യാ സർവീസ് (ii) സംസ്ഥാന സർവീസ്

(iii) കേന്ദ്ര സർവീസ് (iv) പബ്ലിക് സർവീസ് കമ്മീഷൻ

(f) ഒരു കോടി രൂപക്ക് മുകളിൽ നഷ്ടപരിഹാരം ആവശ്യപ്പെടുന്ന ഉപഭോക്തൃ തർക്കങ്ങളിൽ തീർപ്പ് കൽപ്പിക്കുന്നത് ആര് ?

(i) ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറം

(ii) സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ

(iii) ദേശീയ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ

(iv) ലീഗൽ മെട്രോളജി വകുപ്പ്

(g) 'സ്വാതന്ത്ര്യം', 'സമത്വം', 'സാഹോദര്യം' എന്ന മുദ്രാവാക്യവുമായി ബന്ധപ്പെട്ട വിപ്ലവത്തിന്റെ പേരെഴുതുക.

(i) അമേരിക്കൻ സ്വാതന്ത്ര്യ സമരം

(ii) റഷ്യൻ വിപ്ലവം

(iii) ചൈനീസ് വിപ്ലവം

(iv) ഫ്രഞ്ച് വിപ്ലവം

(h) ഇന്ത്യയിലെ ഏറ്റവും നീളം കൂടിയ ഉപദ്വീപീയ നദി ഏത് ?

(i) ഗോദാവരി (ii) മഹാനദി (iii) കൃഷ്ണ (iv) കാവേരി

(i) ഭക്ഷ്യ വസ്തുക്കളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നത് :

(i) ഡ്രഗ്സ് കൺട്രോൾ വകുപ്പ്

(ii) ലീഗൽ മെട്രോളജി വകുപ്പ്

(iii) ഭക്ഷ്യ സുരക്ഷാ വകുപ്പ്

(iv) കേന്ദ്ര ഔഷധ വില നിയന്ത്രണ കമ്മിറ്റി

Score

(j) ഡ്യൂണുകൾ ഏത് ഹിമാലയൻ നിരയുടെ സവിശേഷതയാണ് ?

(i) കിഴക്കൻ മലനിരകൾ (ii) ഹിമാദ്രി

(iii) ഹിമാചൽ (iv) സിവാലിക്

(k) സമൂഹശാസ്ത്രത്തിന്റെ പിതാവ് :

(i) ചാൾസ് ഡാർവിൻ (ii) കാൾ മാർക്സ്

(iii) അഗസ്ത് കോംതെ (iv) എം. എൻ. ശ്രീനിവാസ്

(l) സമൂഹശാസ്ത്രത്തിൽ പങ്കാളിത്ത നിരീക്ഷണവുമായി ബന്ധപ്പെട്ടിരിക്കുന്ന പഠനരീതി ഏത് ?

(i) അഭിമുഖം (ii) സോഷ്യൽ സർവെ

(iii) നിരീക്ഷണം (iv) കേസ് സ്റ്റഡി

**2 മുതൽ 25 വരെയുള്ള ചോദ്യങ്ങൾക്ക് 3 സ്കോർ വീതം.**

2. രാധാകൃഷ്ണൻ കമ്മീഷന്റെ ശുപാർശകൾ എന്തെല്ലാം ? 3

3. വാണിജ്യ വാതങ്ങളെ കുറിച്ച് ഒരു കുറിപ്പ് എഴുതുക. 3

4. പൊതുഭരണം എന്തെന്ന് വ്യക്തമാക്കുക. 3

5. ആരോഗ്യമുള്ള വ്യക്തികൾ രാജ്യപുരോഗതിയിൽ പങ്കാളികൾ ആകുന്നത് എങ്ങനെയെന്ന് വിശദമാക്കുക. 3

6. ഇന്ത്യൻ വിദേശനയത്തിന്റെ മുഖ്യ ശില്പി ആര് ? ഇന്ത്യയുടെ വിദേശനയത്തിന്റെ ഏതെങ്കിലും രണ്ട് തത്ത്വങ്ങൾ എഴുതുക. 3

7. ഇ- ഗവേണൻസ് എന്നാൽ എന്ത് ? ഏതെങ്കിലും രണ്ട് ഉദാഹരണങ്ങൾ എഴുതുക. 3

8. മാനവ വിഭവത്തിന്റെ ഗുണപരമായ സവിശേഷതകൾ വിവരിക്കുക. 3

9. ധാരാതലീയ ഭൂപടങ്ങളുടെ ഉപയോഗങ്ങൾ എന്തെല്ലാം ? 3

Score

10. ഇന്ത്യൻ സിവിൽ സർവീസിലെ മൂന്നു വിഭാഗങ്ങളുടെ പേരെഴുതുക. 3

11. ഇന്ത്യയിലെ കാർഷിക കാലങ്ങൾ ഏതെല്ലാം ? 3

12. സമഗ്ര ശിക്ഷാ അഭിയാന്റെ (SSA) ലക്ഷ്യങ്ങൾ എന്തെല്ലാം ? 3

13. കേന്ദ്ര സർവീസിന്റെ സവിശേഷതകൾ വ്യക്തമാക്കുക. 3

14. രണ്ടാം ലോകയുദ്ധത്തിലെ സഖ്യശക്തികളിൽ ഉൾപ്പെടുന്ന രാജ്യങ്ങളുടെ പേരെഴുതുക. 3

15. മാനവ വിഭവശേഷി മെച്ചപ്പെടുത്തുന്നതുകൊണ്ടുള്ള മൂന്ന് ഗുണങ്ങൾ എഴുതുക. 3

16. ഇ- ഗവേണൻസിന്റെ നേട്ടങ്ങൾ വിശദമാക്കുക. 3

17. വിദ്യാഭ്യാസം എങ്ങനെ രാജ്യത്തിന്റെ വികസനത്തെ സഹായിക്കുന്നുവെന്ന് വിശദമാക്കുക. 3

18. 1857 - ലെ ഒന്നാം ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഏതെങ്കിലും മൂന്നു കാരണങ്ങൾ പട്ടികപ്പെടുത്തുക. 3

19. പൗരബോധം രൂപീകരിക്കുന്നതിൽ മാധ്യമങ്ങളുടെ പങ്ക് വിശദമാക്കുക. 3

20. ബാങ്കുകൾ ഏതൊക്കെ ആവശ്യങ്ങൾക്കായാണ് ജനങ്ങൾക്ക് പണ വായ്പ നൽകുന്നത് ? 3

21. ഭൂവിവര വ്യവസ്ഥയുടെ ഏതെങ്കിലും മൂന്ന് പ്രയോജനങ്ങൾ എഴുതുക. 3

22. സ്വാമി വിവേകാനന്ദന്റെ സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങൾ വ്യക്തമാക്കുക. 3

23. വിവിധതരം ചരക്ക് സേവന നികുതികൾ (GST) പട്ടികപ്പെടുത്തുക. 3

24. വൈക്കം സത്യാഗ്രഹത്തെ കുറിച്ച് ഒരു ലഘുക്കുറിപ്പ് തയ്യാറാക്കുക. 3

25. രാഷ്ട്രത്തിന്റെ വിവേചനപരമായ ചുമതലകൾ എന്നതുകൊണ്ട് അർഥമാക്കുന്നത് എന്ത് ? ഏതെങ്കിലും രണ്ട് ഉദാഹരണങ്ങൾ എഴുതുക. 3

Score

**26 മുതൽ 38 വരെയുള്ള ചോദ്യങ്ങൾക്ക് 4 സ്കോർ വീതം.**

26. ഫ്രഞ്ച് സമൂഹത്തിൽ നിലനിന്നിരുന്ന മൂന്ന് എസ്റ്റേറ്റുകളുടെ സവിശേഷതകൾ വിശദമാക്കുക. 4

27. ഗ്രീനിച്ച് സമയത്തെ കുറിച്ച് ഒരു കുറിപ്പ് എഴുതുക. 4

28. ഉദ്യോഗസ്ഥവൃന്ദത്തിന്റെ സവിശേഷതകൾ വിവരിക്കുക. 4

29. **'എ'** കോളത്തിന് അനുയോജ്യമായവ **'ബി'** കോളത്തിൽ നിന്നും കണ്ടെത്തുക. 4x1=4

| എ | ബി |
|---|---|
| തുണിമിൽ സമരം | പൂർണ സ്വരാജ് |
| ഖിലാഫത്ത് പ്രസ്ഥാനം | സുഭാഷ് ചന്ദ്ര ബോസ് |
| ലാഹോർ സമ്മേളനം | അഹമ്മദാബാദ് |
| ഇന്ത്യൻ നാഷണൽ ആർമി | മൗലാനാ മുഹമ്മദലി |

30. ഹിമാദ്രി മലനിരകളുടെ സവിശേഷതകൾ വ്യക്തമാക്കുക. 4

31. ഉപദ്വീപീയ നദികളുടെ സവിശേഷതകൾ എന്തെല്ലാം ? 4

32. പട്ടിക പൂർത്തിയാക്കുക. 4x1=4

| ദിനം | സൂര്യന്റെ ആപേക്ഷിക സ്ഥാനം | ദിവസത്തിന്റെ പ്രത്യേകത |
|---|---|---|
| മാർച്ച് 21 | ഭൂമധ്യരേഖ | (a) __________ |
| (b) __________ | ഉത്തരായന രേഖ | ഗ്രീഷ്മ അയനാന്ത ദിനം |
| സെപ്തംബർ 23 | (c) __________ | വിഷുവം (സമരാത്രദിനം) |
| ഡിസംബർ 22 | ദക്ഷിണായന രേഖ | (d) __________ |

33. അമേരിക്കൻ ഐക്യനാടുകളുടെ രൂപീകരണത്തിൽ ഒന്നും രണ്ടും കോണ്ടിനെന്റൽ കോൺഗ്രസുകൾ വഹിച്ച പങ്ക് വിശദമാക്കുക. 4

34. ഉത്തര പർവത മേഖലയുടെ പ്രാധാന്യം എഴുതുക. 4

35. ഖിലാഫത്ത് പ്രസ്ഥാനത്തെ കുറിച്ച് ഒരു ലഘുകുറിപ്പ് എഴുതുക. 4

Score

36. മാനവ വിഭവശേഷി വികസനത്തിന്റെ വിവിധ തലങ്ങൾ വിശദമാക്കുക. 4

37. നാട്ടുരാജ്യങ്ങളുടെ സംയോജനത്തിന് സ്വതന്ത്ര ഇന്ത്യ സ്വീകരിച്ച നടപടികൾ ഏവ ? 4

38. ചുവടെ ചേർത്തിട്ടുള്ള ഭൂവിവരങ്ങളെ നല്കിയിട്ടുള്ള ഇന്ത്യയുടെ രൂപരേഖയിൽ അടയാളപ്പെടുത്തി പേരെഴുതുക. 4
   (a) ആരവല്ലി പർവതനിര
   (b) മാൾവാ പീഠഭൂമി
   (c) ഗോദാവരി നദി
   (d) പൂർവഘട്ടം

**39 മുതൽ 42 വരെയുള്ള ചോദ്യങ്ങൾക്ക് 6 സ്കോർ വീതം.**

39. റഷ്യൻ വിപ്ലവത്തിന്റെ കാരണങ്ങൾ വിവരിക്കുക. 6

40. പടിഞ്ഞാറൻ തീര സമതലത്തിന്റെയും കിഴക്കൻ തീരസമതലത്തിന്റെയും സവിശേഷതകൾ താരതമ്യം ചെയ്യുക. 6

41. മഹാത്മാ ഗാന്ധി ആഹ്വാനം ചെയ്ത നിസ്സഹകരണ സമരത്തോട് ഇന്ത്യയിലെ ജനങ്ങൾ പ്രതികരിച്ചത് എങ്ങനെയെന്ന് ഉദാഹരണ സഹിതം വിശദമാക്കുക. 6

42. അന്താരാഷ്ട്ര ദിനാങ്ക രേഖ, ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം എന്നിവ എന്തെന്ന് വിശദമാക്കുക. 6

- o O o -

For Question Number : 38

